(2)

ഭരണഭാഷ-മാതൃഭാഷ

ക്ഷീരവികസന വകുപ്പ് ഡയറക്ടറേറ്റ്,
പട്ടം, തിരുവനന്തപുരം : 695 004
ഫോൺ:0471-2445749, 2445799
ഇ-മെയിൽ.- dairydirector05@yahoo.com.in
dddtvm@gmail.com

നം.സി1/12697/16

തീയതി:22/08/16

**സർക്കുലർ നം.13/2016**

വിഷയം :- ക്ഷീരവികസന വകുപ്പ് – മേഖലാ സഹകരണ ക്ഷീരോല്പാദക സഹകരണ യൂണിയനുകൾ - നിയമാവലി വ്യവസ്ഥകൾ പ്രകാരമല്ലാതെ സബ്കമ്മറ്റികൾ രൂപീകരിക്കുന്നത് സംബന്ധിച്ച്.

മേഖലാ ക്ഷീരോല്പാദക സഹകരണ യൂണിയനുകളുടെ ഭരണനിർവ്വഹണത്തിന് ഭരണസമിതിയുടെ ഘടനയും, ഉത്തരവാദിത്തവും സംബന്ധിച്ച് യൂണിയനുകളുടെ നിയമാവലിയിൽ വ്യക്തമായി നിർവ്വചിച്ചിട്ടുണ്ട്. അതോടൊപ്പം തന്നെ ജീവനക്കാരുടെ നിയമനം, ജീവനക്കാരുമായി ബന്ധപ്പെട്ട മറ്റ് സർവ്വീസ് കാര്യങ്ങൾ എന്നിവ നിർവ്വഹിക്കുന്നതിന് പേഴ്സണൽ കമ്മിറ്റി രൂപീകരിക്കുന്നതിന് നിയമാവലിയിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതും ആയത് രൂപീകരിച്ചിട്ടുള്ളതുമാണ്. എന്നാൽ ചില മേഖലായൂണിയനുകൾ 1969-ലെ കേരള സഹകരണ നിയമങ്ങൾക്കും ചട്ടങ്ങൾക്കും അംഗീകരിക്കപ്പെട്ട നിയമാവലി വ്യവസ്ഥകൾക്കും വിരുദ്ധമായി ഭരണസമിതിയുടെ അധികാരവും ഉത്തരവാദിത്തവും സബ്കമ്മറ്റികൾക്ക് കൈമാറുന്നതരത്തിൽ വിവിധ ആവശ്യങ്ങൾക്കായി സബ്കമ്മറ്റികൾ രൂപീകരിച്ച് പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽ പ്പെട്ടിരിക്കുന്നു. ഇത് മേഖലായൂണിയനുകൾക്ക് സാമ്പത്തിക ബാധ്യതയും ഉണ്ടാക്കുന്നു. ആയതിനാൽ നിയമാവലി വ്യവസ്ഥകൾക്കനുസൃതമല്ലാതെ ഇപ്രകാരം സബ്കമ്മറ്റികൾ രൂപീകരിക്കുന്നത് ഒഴിവാക്കേണ്ടതാണ് എന്ന് 1969 ലെ കേരള സഹകരണ നിയമം വകുപ്പ് 66(5) പ്രകാരം നിർദ്ദേശിക്കുന്നു.

ഡയറക്ടർ(i/c)
ക്ഷീരവികസന വകുപ്പ്
(ഡയറി രജിസ്ട്രാർ).

മാനേജിംഗ് ഡയറക്ടർ,
കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ,
തിരുവനന്തപുരം മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയൻ
എറണാകുളം മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയൻ
മലബാർ മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയൻ

DL 23 08